(എ) പത്രപ്രവർത്തകരും പോലീസുമായി ഇടയ്ക്കിടെ ഉണ്ടാകുന്ന സംഘട്ടനങ്ങൾ ഒഴിവാക്കുന്നതിനായി എന്തെങ്കിലും പുതിയ നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണന യിലുണ്ടോ;

(ബി) എങ്കിൽ അവ എന്തെല്ലാം ആണെന്ന് വിശദീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പത്രപ്രവർത്തകരും പോലീസുമായിട്ടുള്ള എത്ര സംഘട്ടനങ്ങൾ ഉണ്ടായി; അവയിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി എന്ന് വിശദീകരിക്കുമോ;

(ഡി) ഇത്തരം കേസുകളുടെ അന്വേഷണവും വിചാരണയുമായി എന്തെങ്കിലും പ്രത്യേക സംവിധാനം ഉണ്ടാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

അമ്പലത്തറയിലെ വിജയനെ കൊലപ്പെടുത്താൻ ശ്രമിച്ച സംഭവം

64 [5208] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയിൽ ഹോസ്ദുർഗ് പോലീസ് സ്റ്റേഷൻ പരിധിയിൽ വരുന്ന അമ്പലത്തറയിലെ വിജയനെ കൊലപ്പെടുത്താൻ ശ്രമിച്ച സംഭവം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണ് പ്രതികൾ എന്ന് അറിയിക്കാമോ;

(സി) പ്രതികളിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ഡി) പ്രതികളുടെ ലിസ്റ്റിൽപ്പെട്ടവർ അമ്പലത്തറയിലും പരിസരങ്ങളിലും നിരന്തരം കുഴപ്പമുണ്ടാക്കുന്നവരാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഹോസ്ദുർഗ് പോലീസ് സ്റ്റേഷനിൽ ക്രൈം 256/03 യു/എസ് 326, 307 ആർ/ഡബ്ല്യു 34 ഐ.പി.സി. ആയി മോഹനൻ വാഴക്കോട് എന്നയാളിന്റേയും മറ്റു കണ്ടാ ലറിയാവുന്ന മൂന്നു പേരുടേയും പേരിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചു വരികയാണ്.

(സി) ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly